# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി2)546/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസി.ഡവലപ് മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3. കാര്യാലയപ്പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി2)546/2022 തീയ്യതി: 23/06/2022

## തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 04-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ.ഷാജി | ജോയിന്റ് ഡയറക്ടർ | 04-04-2022 | 13-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 13-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സദാനന്ദൻ പി ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യാ വിക്രമൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ കെ സി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത ആർ, സീ.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ ഇ സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി സി ശ്രീദേവി | പ്രസിഡന്റ് | 01-04-2020 | 09-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 09-11-2020 | 30-12-2020 |
| ശ്രീ സി കെ കൃഷ്ണകുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജോളി വിജയൻ | സെക്രട്ടറി | 01-04-2020 | 07-02-2021 |
| ശ്രീ ഗൌതമൻ ടി സത്യപാൽ | സെക്രട്ടറി | 08-02-2021 | 31-03-2021 |
| ശ്രീമതി ആനി എം ഒ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഗ്രേസി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 18-02-2021 |
| ശ്രീ വർഗീസ് ഈപ്പൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 18-02-2020 | 31-03-2021 |
| ശ്രീമതി നിഷി പി ദേവദാസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.റോഷ് എം വി | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീകല | ശിശുവികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ രഘുനാഥൻ | വ്യവസായ വികസന ഓഫിസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീജ വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജയമാല കെ കെ | കൃഷി അസി.ഡയറക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer, On 12-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 12-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.G.Sadanandan (Audit Officer, On 12-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 12-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer, On 12-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: P.G.Sadanandan (Audit Officer, On 12-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: P.G.Sadanandan (Audit Officer, On 12-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.G.Sadanandan (Audit Officer, On 12-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 12-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-9 |
| 10 | വാർഷിക ധനകാര്യ പത്രിക പരിശോധന<br>Written By: Sunitha.R (Senior Grade Auditor, On 16-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-10 |
| 11 | വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sunitha.R (Senior Grade Auditor, On 16-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-10-1 |
| 12 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 16-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-10-2 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sunitha.R (Senior Grade Auditor, On 16-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-10-3 |
| 14 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കണക്കുകൾ വാർഷികകണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sunitha.R (Senior Grade Auditor, On 16-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-10-4 |
| 15 | ഡിമാന്റ് എൻട്രി ഒറ്റ തവണ മാത്രം<br>Written By: Sunitha.R (Senior Grade Auditor, On 16-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-10-5 |
| 16 | വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Sunitha.R (Senior Grade Auditor, On 17-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-10-6 |

| | | |
|---|---|---|
| 17 | Capital Work In Progress-വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 17-04-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 17-04-2022) | 1-10-7 |
| 18 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 17-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-10-8 |
| 19 | ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 17-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-05-2022) | 1-10-9 |
| 20 | ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 17-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-10-10 |
| 21 | റദ്ദ് ചെയ്ത രസീതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല .<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 23-05-2022) | 1-11 |
| 22 | റെസീപ്റ്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 06-06-2022) | 1-12 |
| 23 | പ്രിന്ററിന്റെ സാങ്കേതിക തകരാർ പരിഹരിക്കാതെ 8 മാസത്തോളമായി സംഖ്യാ രസീതിൽ വിവരങ്ങൾ എഴുതി കൈകാര്യം ചെയ്യുന്നു.<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 06-06-2022) | 1-13 |
| 24 | ലേലം ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 06-06-2022) | 1-14 |
| 25 | വാടക ഈടാക്കുന്നതിലെ അപാകതകൾ<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 23-05-2022) | 1-15 |
| 26 | വനിതാഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ ധനസഹായം- അപാകതകൾ<br>Written By: REKHA E.C. (Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-05-2022) | 1-16 |
| 27 | ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്നവർക്ക് സബ്സിഡി - രസീതി, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: P.G.Sadanandan (Audit Officer, On 18-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 23-05-2022) | 1-17 |
| 28 | നിർമ്മൽ ഗ്രാമ പുരസ്കാർ അവാർഡ് തുക- വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 17-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 23-05-2022) | 1-18 |
| 29 | പൈക്ക പദ്ധതി - തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 17-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 23-05-2022) | 1-19 |
| 30 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-അപാകതകൾ<br>Written By: Sunitha.R (Senior Grade Auditor, On 17-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 06-06-2022) | 1-20 |
| 31 | ഒറിജിനൽ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയില്ല- ചെലവു തുക 2305340 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sunitha.R (Senior Grade Auditor, On 17-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 23-05-2022) | 1-21 |
| 32 | മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 17-04-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 18-04-2022) | 1-22 |

| | | |
|---|---|---|
| 33 | പാലിയേറ്റീവ് കെയർ-പഞ്ചായത്തുകൾക്ക് അധിക വിഹിതം നൽകൽ അപാകതകൾ<br>Written By: Sunitha.R (Senior Grade Auditor, On 18-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 23-05-2022) | 1-23 |
| 34 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ കൈപ്പറ്റ് രസീത് ,വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസപ്പെടുത്തുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 06-06-2022) | 1-24 |
| 35 | ലെഡ് ലൈനിങ്ങ് പ്രവൃത്തി-പൂർത്തീകരണ വിവരം ,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല<br>Written By: Sunitha.R (Senior Grade Auditor, On 18-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 23-05-2022) | 1-25 |
| 36 | മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Sunitha.R (Senior Grade Auditor, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 1-26 |
| 37 | നെൽവിത്തിന് സബ്സിഡി - വിനിയോഗിക്കാതെ ബാക്കി വന്ന തുക തിരിച്ചടക്കേണ്ടതാണ്<br>Written By: SunilKumar K C (Asst. Audit Officer, On 18-04-2022)<br>Last Updated By: Shobby.V.P (Audit Officer, On 23-05-2022) | 1-27 |
| 38 | ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 18-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-05-2022) | 1-28 |
| 39 | മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് KPWD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-05-2022) | 1-29 |
| 40 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-05-2022) | 1-30 |
| 41 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-05-2022) | 1-31 |
| 42 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-05-2022) | 1-32 |
| 43 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - ആവശ്യകത പരിഗണിക്കാതെ കരാർ പുതുക്കി നൽകി<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-05-2022) | 1-33 |
| 44 | പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് - അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-05-2022) | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് KPWD മന്വൽ | 3-1 |

| | | |
|---|---|---|
| | വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-05-2022) | |
| 2 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-05-2022) | 3-2 |
| 3 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 13-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-05-2022) | 3-3 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-05-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 4-5 |
| 6 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 19-04-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 06-06-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.G.Sadanandan (Audit Officer, On 11-04-2022)<br>Last Updated By: N Satheesan (Deputy Director, On 23-06-2022) | 4-9 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 19.03.2020 | 6(1) | 95263355 | 95374955 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 15.02.2021 | 5(1) | 257296620 | 259984955 |

### 1-2 വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചതിന്റെ വിവരം

| സമർപ്പിക്കേണ്ട തീയതി | സമർപ്പിച്ച തീയതി |
|---|---|
| 31-07-2021 | 20-07-2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8458458 |
| വരവ് | 57257125 |
| ആകെ | 65715583 |
| ചെലവ് | 58394229 |
| നീക്കിയിരിപ്പ് | 7321354 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (എ സി ആർ പ്രകാരം) | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 22769641 | 22969641 | 22721783 | 47858 |
| വികസന ഫണ്ട് – എസ് സി പി | 0 | 15779000 | 15779000 | 13257460 | 2521540 |
| മെയിന്റനൻസ്-റോഡിതരം | 0 | 3973401 | 3973401 | 3542491 | 430910 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8560000 | 8560000 | 6031612 | 2528388 |
| TSC | 2256559 | 59589 | 2316148 | 93210 | 2222938 |
| ICDS | 983660 | 26854 | 1010514 | -- | 1010514 |
| MP Fund | 113996 | 4738328 | 4852324 | 4727988 | 124336 |
| PYCKA | 280456 | 9076 | 289532 | 0 | 289532 |
| കേരളോത്സവം | 144 | -- | 144 | -- | 144 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|

| (എണ്ണം) | | | | | | |
|---|---|---|---|---|---|---|
| 93 | 54839193 | 54 | 39266435 | 19 | 20 | 71.6 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.04.2022 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേ ദിവസം കളക്ഷൻ ഇല്ല എന്നത് ബോധ്യപ്പെട്ടിട്ടുണ്ട്.

## 1-7 ആഭ്യന്തര നിയന്ത്രണം

രസീതുകൾ എഴുതി സൂക്ഷിക്കുന്നത് ശരിയായ രീതിയിലല്ല. പ്രിന്റർ പ്രവർത്തിക്കുന്നില്ല എന്ന പേരിൽ ഒരു വർഷത്തിലധികമായി സാംഖ്യാ രസീതിൽ കൈകൊണ്ട് എഴുതിയാണ് രസീതുകൾ നൽകി വരുന്നത്. ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് മാനവൽ രസീത് പ്രകാരമാണ് പ്രിന്റർ പ്രവർത്തിക്കാത്തപ്പോൾ പണം വരവിന് രസീത് നൽകേണ്ടത്. സാംഖ്യാ രസീതിൽ കൈകൊണ്ട് എഴുതി നൽകിയ രസീതുപ്രകാരമുള്ള വരവിന്റെ കൃത്യത പരിശോധിക്കാനാകില്ല. വാടക, ലേലം സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നില്ല. മറ്റ് വരവുകളുടേയും ഡിമാന്റ് രജിസ്റ്ററുകൾ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. സംയുക്ത പദ്ധതികൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് കൈമാറുമ്പോൾ അതാത് പഞ്ചായത്തുകളിൽ നിന്നുള്ള സാംഖ്യാ രസീത് ഹാജരാക്കുന്നില്ല. വൗച്ചറുകളോടൊപ്പം സാംഖ്യാ പേയ്മെന്റ് വൗച്ചർ പ്രിന്റെടുത്ത് സൂക്ഷിക്കുന്നില്ല. മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5337 | 763076 (2129 രൂപ പലിശ അടക്കം) | 768413 | 760947 | 7466 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് | 0 | 0 | 0 | 0 | 0 |

മേൽപറഞ്ഞ പ്രകാരമുള്ള മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നീ തുകകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഇക്കാര്യം പരിശോധിക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 17.01.2022 മുതൽ 22.01.2022 വരെ | 2020-21 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 23.09.2020 | 2015-16 മുതൽ 2019-20 വരെ | ലഭ്യമായിട്ടില്ല |

## 1-10 വാർഷിക ധനകാര്യ പത്രിക പരിശോധന

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾക്കുള്ള മറുപടി അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം 17/11.04.2022)

### 1-10-1 വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയിലെ പത്രികയായി ഉൾപ്പെടുത്തിയിട്ടില്ല.(കേരള

പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-10-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7321354.00 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 359013.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-4 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കണക്കുകൾ വാർഷികകണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യൂ വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും).

## 1-10-5 ഡിമാന്റ് എൻട്രി ഒറ്റ തവണ മാത്രം

2020-21ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റ തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 35500 | 1.4.2020 | 431400101 |

## 1-10-6 വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

1. വാടക ഡിമാന്റ് രജിസ്റ്റർ

1.1. അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല.

മുറി വാടക

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 35500 | 27500 | 8000 |
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കുടിശ്ശിക) | 7428 | 2425 | 5003 |

1.2. കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന തുകകൾ പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം |
|---|---|---|
| Sale Of Scrap | 2480 | 2480 |
| Sale Of Tender Forms | 118347 | 118347 |

## 1-10-7 Capital Work In Progress-വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-11(a)) പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 1417914/- രൂപയാണ്. എന്നാൽ ഇതിന്റെ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

## 1-10-8 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തെ Income And Expenditure പത്രിക 1-17(a) പട്ടിക പ്രകാരം 3549413/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-10-9 ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-10 ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല.

ഗുണഭോക്തൃ വിഹിതമായ 40697 രൂപ 3 വർഷമായി ചെലവഴിക്കാതെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് നം 551002010000922-ൽ സൂക്ഷിച്ചിരിക്കുന്നു. ഏതു പദ്ധതികൾക്കാണ് ഈ തുക പിരിച്ചെടുത്തതെന്നും ടി പദ്ധതികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/13.4.22) മറുപടി ലഭ്യമാക്കിയില്ല. തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 റദ്ദ് ചെയ്ത രസീതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല .

രസീത് പ്രിന്റ് ചെയ്തതിനു ശേഷം രസീത് റദ്ദ് ചെയ്യുമ്പോൾ റദ്ദാക്കുന്നതിന് കാരണം രേഖപ്പെടുത്തി സെക്രട്ടറി

സാക്ഷ്യപ്പെടുത്തേണ്ടതാണ്. സെക്രട്ടറിയുടെ അനുമതി കൂടാതെ രസീത് റദ്ദ് ചെയ്യരുത്. എന്നാൽ താഴെ സൂചിപ്പിച്ച രസീതുകൾ ക്യാൻസൽ ചെയ്തതിന്റെ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മയെ ചൂണ്ടിക്കാണിക്കുന്നു.

ഉദാ:

2020-21

C 4060588, C 4060589, C 4060590, C 4060591, C 4060592, C 4060596, C 4060606. റദ്ദാക്കുന്ന രശീതുകളുടെ ആധികാരികത ഉറപ്പു വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 റെസീപ്റ്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള ട്രെഷറി കോഡ് വോള്യം I ആർട്ടിക്കിൾ 92 (ബി)കുറിപ്പ് 2(ii ), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ലെ ചട്ടം 82, 83, എന്നിവ പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്ന മാന്വൽ രസീതുകൾ, സാംഖ്യ രസീതുകൾ എന്നിവയുടെ അക്കൗണ്ടുകൾ കൃത്യമായി സൂക്ഷിക്കേണ്ടതിന്റെയും കൈകാര്യം ചെയ്യേണ്ടതിന്റെയും പ്രാധാന്യം വിശദീകരിക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനെ തുടർന്ന് ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 21/11.4.22) പുതുതായി എഴുതി തയ്യാറാക്കിയ സ്റ്റോക്ക് രജിസ്റ്ററാണ് ഹാജരാക്കിയത്. ഇത് മുൻബാക്കി, വരവ്, നീക്കിയിരിപ്പ് എന്ന രീതിയിൽ അല്ല എഴുതി തയ്യാറാക്കിയിരിക്കുന്നത്. ആയതിൽ നിന്നും മാന്വൽ റെസിപ്പ്റ്റുകളുടെയും സാംഖ്യ റെസിപ്പ്റ്റുകളുടെയും സ്റ്റോക്ക് സംബന്ധിച്ച വിവരം മനസിലാക്കാൻ സാധിക്കാത്തതോടൊപ്പം ഭൗതീകപരിശോധനയിലൂടെ സ്റ്റോക്കിന്റെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താനും ഓഡിറ്റിന് സാധിച്ചിട്ടില്ല.

സ്ഥാപനത്തിൽ 23.9.17 മുതൽ 64394 എന്ന രസീത് ബുക്കാണ് ഉപയോഗിച്ചു വരുന്നത്. ടി രസീത് ബുക്കാണ് അവസാനമായി ഉപയോഗിച്ചതായി ഹാജരാക്കിയിട്ടുള്ളത്. ആയതിന്റെ രസീതി നമ്പർ 66/19.11.20 വരെ ഉപയോഗിച്ചിട്ടുണ്ട്. ശേഷമുള്ള രസീതികൾ ക്യാൻസൽ ചെയ്യാത്ത നിലയിലാണ്. ടി രസീതി പുസ്തകത്തിൽ പേജുകളുടെ എണ്ണം സംബന്ധിച്ച വിവരം (സർട്ടിഫിക്കറ്റ് ഓഫ് കൗണ്ടർ) സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല (കേരള ട്രെഷറി കോഡ് വോള്യം I ആർട്ടിക്കിൾ 92 (ബി)കുറിപ്പ് 2 (ജി).

മേൽ സൂചിപ്പിച്ച ഗൗരവമേറിയ അപാകതകൾ മുഖേന സ്ഥാപനത്തിലെ വരവ് വയ്ക്കുന്നതിലെ സുതാര്യതയും കൃത്യതയും ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-13 പ്രിന്ററിന്റെ സാങ്കേതിക തകരാർ പരിഹരിക്കാതെ 8 മാസത്തോളമായി സംഖ്യാ രസീതിൽ വിവരങ്ങൾ എഴുതി കൈകാര്യം ചെയ്യുന്നു.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011 ചട്ടം 20 പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിലുള്ള രസീതുകൾ മെഷീൻ നമ്പർ നൽകിയതും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയും ആയിരിക്കണം. സാങ്കേതിക പ്രശ്നങ്ങൾ മൂലം പ്രിന്റ് വരാത്ത സാഹചര്യത്തിൽ മാനവൽ രസീത് ഉപയോഗിക്കേണ്ടതാണ്. എന്നാൽ ഇതിനുപകരം സാംഖ്യാ രസീതിൽ കൈകൊണ്ട് രസീത് എഴുതി നൽകുകയാണ് ചെയ്തു വരുന്നത്. കാര്യാലയത്തിലെ സംഖ്യാ കാഷ് റെസീപ്റ്റ് അവസാനമായി കൃത്യമായ രീതിയിൽ പ്രിന്റ് വന്നത് 18.8.21 ൽ 12102100018 എന്ന റെസീപ്റ്റിനാണ്. അതിനു ശേഷം ഓഡിറ്റ് തീയതി വരേയും (5.4.22) സംഖ്യാ രസീതുകൾ ബ്ലാങ്ക് പ്രിന്റ് വരികയും ആയതിന് മുകളിൽ പേന കൊണ്ട് എഴുതി രസീത് നൽകി വരുന്നതായും കാണുന്നു. ഇങ്ങനെയുള്ള രസീത് സ്റ്റേഷനറി നമ്പർ മാത്രമാണ് ഉള്ളത്. താഴെ പറയുന്ന വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

എ) ഇത്തരത്തിൽ എഴുതി നൽകുന്ന സാംഖ്യ രസീതുകളിൽ ഒന്നിലും സാംഖ്യ നമ്പർ എഴുതുന്നില്ല.

ബി) എഴുതി നൽകിയ സ്റ്റേഷനറി നമ്പർ സി 4060616, സി 4060618, സി 4060619, സി 4060620, സി 4060630 എന്നീ സാംഖ്യ രസീതുകളിൽ തീയതി ചേർത്തിട്ടില്ല.

സി) 9.11.21 ലെ ഡേ ബുക്ക് പ്രകാരമുള്ള സാംഖ്യ രസീത് നമ്പർ 12102100025 - വനിത കാന്റീൻ വാടക 2000 /- എന്ന വരവിന്റെ സാംഖ്യ രസീത് സൂക്ഷിച്ചിട്ടില്ല. മാനവൽ രസീതും എഴുതിയിട്ടില്ല.

ഡി) പ്രിൻറർ മെഷീന് സാങ്കേതിക തകരാറുണ്ടായാൽ ആയത് താമസമന്യേ പരിഹരിക്കുകയോ ഈ സമയങ്ങളിൽ മാന്വൽ രസീത് ഉപയോഗിക്കുകയോ ചെയ്യാതെ ഇത്തരത്തിൽ സാംഖ്യ റെസിപ്പ്റ്റ് എഴുതി നൽകുന്ന രീതി ചട്ട വിരുദ്ധമാണ്.

മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 11/തീയതി-08.04.2022) മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ലേലം ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

2020-21 വാർഷികകണക്ക പ്രകാരം Sale Of Scrap ഇനത്തിൽ 2480/- രൂപ വരവുണ്ട്. എന്നാൽ ഇത സംബന്ധിച്ച ഫയൽ, രജിസ്റ്റർ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 18/11.4.2022)

## 1-15 വാടക ഈടാക്കുന്നതിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 3 മുറികളാണ് വാടകക്ക് കൊടുത്തിരിക്കുന്നത്. ഇവയിൽ വനിതാ കാന്റീൻ, അക്ഷയകേന്ദ്രം (സർവദോഭദ്രം), കാർഷിക വിപണനകേന്ദ്രം എന്നിവയാണ് പ്രവർത്തിക്കുന്നത്. വാടകയുമായി ബന്ധപ്പെട്ട ബൈലോ, കരാറുകൾ എന്നിവയടങ്ങുന്ന ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റിൽ ലഭ്യമാക്കിയ വാടകയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വനിതാ കാന്റീനിന്റെ വാടക

വാടക രജിസ്റ്റർ കൃത്യമായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് കൃത്യമാക്കി കരാർ ഉടമ്പടികൾ അടങ്ങുന്ന ഫയലും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2. അക്ഷയകേന്ദ്രത്തിന്റെ വാടക

വാടക രജിസ്റ്റർ കൃത്യമായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് കൃത്യമാക്കി കരാർ ഉടമ്പടികൾ അടങ്ങുന്ന ഫയലും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3. സർവതോഭദ്രം

കരാർ ഉടമ്പടികൾ അടങ്ങുന്ന ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4. കാർഷിക വിപണനകേന്ദ്രം

കരാർ ഉടമ്പടികൾ അടങ്ങുന്ന ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

5. ജി.എസ്.ടി., ഫ്ലഡ് സെസ്സ്, പിഴ പലിശ

വാടകയോടൊപ്പം ജി.എസ്.ടി., ഫ്ലഡ് സെസ്സ്, വൈകി അടവാക്കുമ്പോൾ ഈടാക്കേണ്ട പിഴ പലിശ എന്നിവ ഈടാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 20/11-04-2022) അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പറഞ്ഞ മുഴുവൻ അപാകതകളും പരിഹരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വനിതാഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ ധനസഹായം- അപാകതകൾ

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ വനിത ഗ്രൂപ്പുകൾക്ക് ധനസഹായം അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രോജക്റ്റ് നം.50 /21 – വനിതാ SHG ഗ്രൂപ്പുകൾക്ക് ധനസഹായം

അടങ്കൽ-300000 രൂപ (വികസന ഫണ്ട്- ധനകാര്യകമ്മീഷൻ അവാർഡ് )

ചെലവ്- 300000 രൂപ

ട്രഷറി ബിൽ നമ്പർ – 1/20-21 തീയതി 25.3.21

പ്രൊജക്റ്റ് പ്രകാരം താന്ന്യം പഞ്ചായത്തിലെ അക്ഷര ഓഫ് സെറ്റ് പ്രെസ്സിനാണ് ആനുകൂല്യം അനുവദിച്ച നൽകിയിട്ടുള്ളത്. ആയതിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.അക്ഷര ഓഫ്സെറ്റ് പ്രസ് എന്ന യൂണിറ്റിലെ വ്യക്തികൾ അംഗങ്ങളായ കുടുംബശ്രീ യൂണിറ്റിന് സി.ഡി.എസ് ചെയർപേഴ്സൺ നൽകുന്ന ഗ്രേഡിംഗ് ഷീറ്റ് ഫയലിൽ ലഭ്യമല്ല.

2.സംരംഭക ആനുകൂല്യം നേടിയ താന്ന്യം പഞ്ചായത്തിലെ അക്ഷര ഓഫ് സെറ്റ് പ്രെസ്സിലെ ഒരംഗമായ സുജിത താഴത്തുംകാട്ടിൽ വീട് എന്നവരുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3.സംരംഭക ആനുകൂല്യം നേടിയ സംരംഭകത്തിലെ ഒരംഗമായ ഗീത ഞാറ്റുവെട്ടിത്തറയിൽ എന്നവർക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ 62 വയസ്സ് പൂർത്തീകരിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖഖണ്ഡിക 6.4 ക്രമ നമ്പർ 3,4 എന്നിവ പ്രകാരം 18 നും 60 നും ഇടയിലുള്ള തൊഴിൽ രഹിതരുടെ ഗ്രൂപ്പ് ആയിരിക്കണം എന്നാണ്. ഗീത ഞാറ്റുവെട്ടിത്തറയിൽ എന്നവരുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4.സംരംഭക ആനുകൂല്യം നേടിയ താന്ന്യം പഞ്ചായത്തിലെ അക്ഷര ഓഫ് സെറ്റ് പ്രെസ്സിലെ ഒരംഗമായ പ്രീന കാരണത്ത് വീട് എന്നവരുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

5.താന്ന്യം സർവിസ് കോ-ഓപ്പറേറ്റിവ് ബാങ്കിന്റെ അക്കൗണ്ട് നമ്പർ, IFSC നമ്പർ എന്നിവയുടെ വിവരങ്ങൾ ബാങ്കിൽ നിന്നും ലഭ്യമാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

6.ഗ്രൂപ്പുകൾ തുടങ്ങിയ സ്വയംതൊഴിൽ സംരംഭങ്ങളുടെ തുടർ മോനിട്ടറിംഗ് നടത്തി അവ ലാഭകരമായാണ് പ്രവർത്തിക്കുന്നത് എന്ന മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ഇല്ല. നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ

എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.
7. അക്ഷര ഓഫ്സെറ്റ് പ്രസ് യൂണിറ്റിന്റെ പാസ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 26/ 12.4.2022 -ന് ലഭ്യമാക്കിയ മറുപടിയിൽ മേൽപറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 300000 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നം.51 /21 എസ് സി വനിതാ SHG ഗ്രൂപ്പുകൾക്ക് ധനസഹായം

അടങ്കൽ-500000 രൂപ (വികസന ഫണ്ട് എസ്.സി.പി.)

ചെലവ്- 300000 രൂപ
ട്രഷറി ബിൽ നമ്പർ – 2/ 20-21 തീയതി 25.3.21

പ്രൊജക്റ്റ് പ്രകാരം ചാഴൂർ പഞ്ചായത്തിലെ ഉഷസ് ടൈലറിങ് ആൻഡ് റെഡിമെയ്ഡ് ഗാർമെന്റ്സ് എന്ന യൂണിറ്റിന് ആനുകൂല്യം അനുവദിച്ചു നൽകിയിട്ടുള്ളത്. ആയതിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഉഷസ് ടൈലറിങ് ആൻഡ് റെഡിമെയ്ഡ് ഗാർമെന്റ്സ് എന്ന യൂണിറ്റിലെ വ്യക്തികൾ അംഗങ്ങളായ കുടുംബശ്രീ യൂണിറ്റിന് സി.ഡി.എസ് ചെയർപേഴ്സൺ നൽകുന്ന ഗ്രേഡിംഗ് ഷീറ്റ് ഫയലിൽ ലഭ്യമല്ല.

2. ഉഷസ് ടൈലറിങ് ആൻഡ് റെഡിമെയ്ഡ് ഗാർമെന്റ്സ് എന്ന സംരംഭത്തിനായി പഴുവിൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. എന്നാൽ ഫയലിൽ പാസ്സ്ബുക്കിന്റെ ആദ്യ പേജിന്റെ കോപ്പി വച്ചത് അവ്യക്തമായ രീതിയിലൊന്നാണ്. പാസ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3. സംരംഭകത്തിലെ ഒരംഗമായ പ്രതിഭ കൊല്ലയിൽ വീട് എന്നവരുടെ വരുമാന സർട്ടിഫിക്കറ്റ് ഫയലിൽ ഹാജരാക്കിയിട്ടില്ല.

4. സംരംഭക ആവശ്യത്തിലേക്കായി തയ്യൽ മെഷീൻ, മറ്റ് അനുബന്ധ സാധനങ്ങൾ എന്നിവ വാങ്ങുന്നതിന് കേയെം ട്രേഡേഴ്സ്, കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിനാണ് തുക നൽകിയിട്ടുള്ളത്. ടി സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സിനു പകരം 11.1.2021-ലെ ക്വട്ടേഷൻ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുണ്ട്.
5. മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ഇല്ല. നിലവിൽ ഗ്രൂപ്പുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ ഇല്ല. നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 26/12-04-2022) രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ മുഴുവൻ രേഖകളും ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ 300000/- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-17 ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്നവർക്ക് സബ്സിഡി - രസീതി, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര് – ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്നവർക്ക് സബ്സിഡി
പ്രൊജക്റ്റ് നമ്പർ – 30/2020-21
അടങ്കൽ – 5,00,000/- (വികസന ഫണ്ട് പൊതുവിഭാഗം-സാധാരണ വിഹിതം )
ചെലവ് – 5,00,000/- (വികസന ഫണ്ട് പൊതുവിഭാഗം-സാധാരണ വിഹിതം )
വൗച്ചർ നമ്പർ – 1. 22000591 /20-21 തീയതി 6.1.21 , തുക – 57,465/- (അരിമ്പൂർ ഗ്രാമപഞ്ചായത്ത്)
2. 22000591 /20-21 തീയതി 6.1.21, തുക – 42,535/-(അരിമ്പൂർ ഗ്രാമപഞ്ചായത്ത്)
3. 22000592 /20-21 തീയതി 6.1.21, തുക – 31,257/-(താന്ന്യം ഗ്രാമപഞ്ചായത്ത്)
4. 22000587 /20-21 തീയതി 11.1.21, തുക – 68,743/-(താന്ന്യം ഗ്രാമപഞ്ചായത്ത്)
5. 22000589 /20-21 തീയതി 6.1.21, തുക – 31,498/-(ചാഴൂർ ഗ്രാമപഞ്ചായത്ത്)
6. 22000595 /20-21 തീയതി 6.1.21, തുക – 68,502/-(ചാഴൂർ ഗ്രാമപഞ്ചായത്ത്)
7. 22000593 /20-21 തീയതി 6.1.21, തുക – 1,00,000/-(മണലൂർ ഗ്രാമപഞ്ചായത്ത് )
8. 22000594 /20-21 തീയതി 6.1.21, തുക – 1,00,000/-(അന്തിക്കാട് ഗ്രാമപഞ്ചായത്ത്)
മേൽ പ്രൊജക്റ്റ് പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള അന്തിക്കാട്, അരിമ്പൂർ, മണലൂർ, താന്ന്യം,

ചാഴൂർ ഗ്രാമപഞ്ചായത്തുകളിലെ ക്ഷീര സംഘങ്ങൾ മുഖേന പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പദ്ധതിക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം നൽകുകയാണ് ചെയ്തിരിക്കുന്നത്. ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് 2020 ഏപ്രിൽ മുതൽ പാലിന് സബ്സിഡി ഒരു ലിറ്ററിന് നാല് രൂപ നിരക്കിൽ നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാതെ അതാത് ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയതായാണ് കാണുന്നത്. ഫയലിൽ ഓരോ പഞ്ചായത്തിലെയും വിവിധ ക്ഷീരസംഘങ്ങൾ അംഗീകരിച്ച നൽകിയിരിക്കുന്ന പാൽ അളവിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ തുകകൾ ഗുണഭോക്താവിന് ലഭ്യമാക്കുന്നതിന് ഏതു വിഹിതമെല്ലാമാണ് ഇതിനായി ഉപയോഗപ്പെടുത്തിയിരിക്കുന്നത് എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല ഓരോ ഗുണഭോക്താവിന്റെയും അക്കൗണ്ട്സ് വിവരങ്ങൾ, അപേക്ഷകൾ എന്നിവ ഫയലിൽ ലഭ്യമല്ലാത്തതിനാൽ തുകകൾ അർഹരായ ഗുണഭോക്താവിനാണ് ലഭിച്ചത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തുകളുടേയും ജില്ലാ പഞ്ചായത്തിന്റെയും സംയുക്ത പദ്ധതിയായ മേൽപറഞ്ഞ പ്രോജക്ടിന്റെ നിർവ്വഹണം ഗ്രാമപഞ്ചായത്തുകളാണ് ചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നതിനാൽ ടി തുക ഗ്രാമപഞ്ചായത്തുകളുടെ വാർഷിക കണക്കിൽ ഉൾപ്പെടാതിരിക്കുന്നു. മേൽ പറഞ്ഞ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 26/12-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 500000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 നിർമ്മൽ ഗ്രാമ പുരസ്കാർ അവാർഡ് തുക- വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

31.03.2021- ന് ടി.എസ്.സി യുടെ SBI കാഞ്ഞാണി ശാഖയിലുള്ള സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ (67126020030 നം) 22,22,938/- രൂപ അവശേഷിക്കുന്നതായി കാണുന്നു. നിർമ്മൽ പുരസ്കാര തുകയും ഈ അക്കൗണ്ടിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ SM(എ)186/09, തിയ്യതി 01.03.2010 അനുസരിച്ച് കൈമാറിയ നിർമ്മൽ ഗ്രാമ പുരസ്കാരം അവാർഡ് തുക 1900000/- രൂപ നാളിതു വരെയും ചെലവഴിച്ചിട്ടില്ല നിക്ഷേപതുക നിയമാനുസൃതം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 പൈക്ക പദ്ധതി - തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നായി പ്രോഗ്രാം ഫോർ യുവ ക്രീഡ ആന്റ് ഖേൽ അഭിയാൻ (പൈക്ക) പദ്ധതിയ്ക്കായി കേന്ദ്രവിഹിതം 2,70,000/- രൂപ 16.8.2016 ൽ ലഭിച്ചത് നാളിതുവരെ ചെലവഴിക്കാതെ ബാങ്ക് ഓഫ് ഇന്ത്യയിൽ (കണ്ടശ്ശാൻകടവ്) വിവിധ പദ്ധതികൾക്കായുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഈ പദ്ധതിക്കായി പ്രത്യേകം അക്കൗണ്ട് സൂക്ഷിക്കാത്തതിനാൽ പലിശ വിവരം ലഭ്യമാകുന്നില്ല.കേന്ദ്ര വിഹിതം ചെലവഴിക്കാതെ തുടരുന്ന സാഹചര്യത്തിൽ സർക്കാർ അനുമതിയോടെ തുക വിനിയോഗിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-പട്ടികജാതിവികസന ഓഫീസർ

പ്രൊജക്ടിന്റെ പേര്-പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
1.പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രൊജക്ട് നം | ബിൽനം/തിയതി | നൽകിയ തുക | |
|---|---|---|---|---|---|
| 1 | ആദിത്യൻ<br>C/o സുകുമാരൻ<br>ചക്കാലപുറത്ത് | So70/2020-21 | 15/18-19/27.11.18<br>16/18-19/7.12.18<br>1/20-21/20.4.20 | 30000<br>60000<br>80000 | 170000 |
| 2 | ആയുഷ് തി,എസ്<br>C/oഷിനിത, | So20/20-21 | 22000428/16.11.20<br>22000631/23.1.21 | 50000<br>75000 | 125000 |
| 3 | ദേവിക .സി.എസ്<br>C/oസുമ | So20/20-21 | 22000526/8.1.21<br>22000761/24.3.21 | 50000<br>75000 | 125000 |

| | | | | | |
|---|---|---|---|---|---|
| | കൊച്ചുമോൻ | | | | |
| 4 | ജ്യോതിക C/oദാസൻ | So20/20-21 | 22000523/8.1.21<br>22000765/25.3.21 | 50000<br>75000 | 125000 |
| 5 | അജയ്കൃഷ്ണ C/oഉണ്ണികൃഷ്ണൻ | So20/20-21 | 22000730/10.3.21<br>22000753/25.3.21 | 50000<br>75000 | 125000 |

പഠനമുറി പൂർത്തീകരിക്കുന്നതിന് നിരവധി തവണ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും വീണ്ടും നിർദ്ദേശം നൽകുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.30/13.4.22)മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തപക്ഷം ഗുണഭോക്താവിന് അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

2. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരിച്ച താഴെ പറയുന്ന ഗുണഭോക്താക്കളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ഗുണഭോക്താക്കൾക്ക് നൽകിയ അവസാന ഗഡുവായ 100000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (വൗച്ചർനം.22000213/10.6.20-തുക 50000, 22000217/29.5.20 -തുക 50000)

| ക്രമ നമ്പര് | ഗുണഭോക്താവിന്റെ പേര് | പ്രൊജക്ട് നം | ബിൽനം/വൗച്ചർനം /തിയതി | നൽകിയ തുക |
|---|---|---|---|---|
| 1 | അമൃത കൃഷ്ണൻകുട്ടി,കല്ലായിൽ വീട് | So73/20-21 | 4/19-20-31.8.2019<br>21900463/30.10.19<br>21900538/7.12.19<br>22000213/10.6.20 | 50000<br>50000<br>50000<br>50000 |
| 2 | അഷിൽ.പി.എസ്,പെരിങ്ങയിൽ വീട് | So73/20-21 | 21900362/18.9.19<br>21900463/30.10.19<br>21900572/16.12.19<br>22000217/29.5.20 | 50000<br>50000<br>50000<br>50000 |

## 1-21 ഒറിജിനൽ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയില്ല- ചെലവു തുക 2305340 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രോജക്ട് നമ്പർ-100/2020-21

പ്രോജക്ട് -തൃപ്രയാർ സി എച്ച് സി യിലേക്ക് മാമോഗ്രാം മെഷീനും അനുബന്ധ സാമഗ്രികളും വാങ്ങി നൽകൽ

ബിൽ നം - 43/22.5.20 തുക 2305340 പ്രകാരം മാമോഗ്രാം മെഷീനുള്ള തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് കൈമാറി (237/2019-20 /20.2.21) വിതരണ സ്ഥാപനമായ Allengers Medical System ഹാജരാക്കിയ ടാക്സ് ഇൻവോയ്സ് പ്രകാരം (ഇൻവോയ്സ് നം. AL/DB/GST/0486/10.9.20) ആകെ ചെലവ് തുക 22,07,000 രൂപയാണ്. ടാക്സ് ഇൻവോയ്സിനേക്കാൾ അധിക തുക 98340 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള ഒറിജിനൽ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി കരാറിലേർപ്പെട്ടില്ല.

അധികമായി നൽകിയ തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ സർവീസ് ചാർജാണെന്ന് ഓഡിറ്റ് എൻക്വയിക്ക് (നം.30/13.4.22) മറുപടി ലഭ്യമാക്കിയത്. ആയത് പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയില്ല. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള ഒറിജിനൽ ടാക്സ് ഇൻവോയ്സ് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 2305340 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രോജക്ട് നമ്പർ-36/2020-21

ആശുപത്രികളിലേക്ക് മരുന്ന വാങ്ങൽ പദ്ധതിയിൽ ബിൽ നം 19/28.9.20പ്രകാരം 371970 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.(Invoice.no.PRF1961,1931,1957/19.8.20).

ടി തുകയിൽ 342207രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത് 29763 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പാലിയേറ്റീവ് കെയർ-പഞ്ചായത്തുകൾക്ക് അധിക വിഹിതം നൽകൽ അപാകതകൾ

പ്രോജക്ട് നമ്പർ-22/20-21

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രോജക്ട്- പാലിയേറ്റീവ് കെയർ-പഞ്ചായത്തുകൾക്ക് അധിക വിഹിതം നൽകൽ

1.വൗച്ചർ നം 22000660/9.2.2021 തുക 5,80,000

2.വൗച്ചർ നം 22000759/20.3.21തുക 64150

3.വൗച്ചർ നം 22000806/25.3.21തുക 35850

പദ്ധതി പ്രകാരം താഴെ പറയുന്ന പഞ്ചായത്തുകൾക്ക് അധിക വിഹിതം നൽകിയിട്ടുണ്ട്.

| | |
|---|---|
| അരിമ്പൂർ | 1,00,000 |
| അന്തിക്കാട് | 1,50,000 |
| താന്ന്യം | 1,80,000 |
| മണലൂർ | 1,50,000 |
| ചാഴൂർ | 1,00,000 |
| ആകെ | 6,80,000 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു

I)ചാഴൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും വിഹിതം അനുവദിക്കുന്നതിനുള്ള അപേക്ഷ,തുക കൈമാറിയതിന്റെ ബില്ലുകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല.

Ii)ചാഴൂർ ഗ്രാമ പഞ്ചായത്തിലെ ഏതു പദ്ധതിക്കാണ് തുക അനുവദിച്ചു നല്കിയതെന്നുള്ള രേഖകൾ, തുക അനുവദിച്ചു കിട്ടേണ്ട IFSC കോഡ് നമ്പർ, അക്കൗണ്ട് നമ്പർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകൾ ഹാജരാക്കുന്നതുവരെ ചാഴൂർ ഗ്രാമ പഞ്ചായത്തിലേക്ക് അനുവദിച്ച (വൗച്ചർ നം 22000759/20.3.21തുക 64150, വൗച്ചർ നം 22000806/25.3.21തുക 35850 ) 1,00,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ കൈപ്പറ്റ് രസീത് ,വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസപ്പെടുത്തുന്നു

| ക്രമ നം. | പ്രോജക്ട് | നൽകിയ തുക | വൗച്ചർ നം./ തീയ്യതി | തുക നൽകിയ സ്ഥാപനം | ഓഡിറ്റിന് ആവശ്യമായ രേഖകൾ |
|---|---|---|---|---|---|
| 1 | 8/21-കില -വനിത ഹോസ്റ്റൽ -ബ്ലോക്ക് വിഹിതം | 300000/- | 22000374/ 21.10.2020 | ഡയറക്ടർ, കില, അത്താണി | വിനിയോഗ സാക്ഷ്യപത്രം |
| 2 | 104/21-അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ വൃദ്ധസദനം, വെറ്ററനറി ക്ലിനിക്ക് എന്നിവിടങ്ങളിൽ ബോർവെൽ നിർമ്മാണം. | 135000/- | 22000799/ 30.03.2021 | ഭൂജല വകുപ്പ് | പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം |
| 3 | 12/21-ഐ.കെ.എം | 42152/- | 22000375/ | ഐ.കെ.എം | വിനിയോഗ |

| | | | | | |
|---|---|---|---|---|---|
| | വിഹിതം | | 21.10.2020 | | സാക്ഷ്യപത്രം |
| 4 | 33/21-തൃപ്രയാർ അന്തിക്കാട് ആലപ്പാട് സി.എച്ച്.സി കളിലേക്ക് സോളാർ പാനൽ | 720500/- | 22000418/ 27.10.20 | ഡിസ്ട്രിക്ട് എഞ്ചിനീയർ അനെർട്ട് | അനെർട്ടുമായി 19/10/2020ൽ ഏർപ്പെട്ട കരാർ വ്യവസ്ഥ 4പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് 6മാസത്തിനുള്ളിൽ പദ്ധതി പൂർത്തികരി ക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അനെർട്ട് 17/09/2021ൽ ബ്ലോക്ക് പഞ്ചായ ത്തിനു നൽകിയ കത്തിൽ ടി പദ്ധതി ടെണ്ടറിങ്ങ് ഘട്ടത്തിലാണെന്നും ആയത് പൂർത്തിയാ ക്കുന്ന മുറയ്ക്കു പദ്ധതി പൂർത്തീകരിച്ച് നൽകുന്നതാണെന്നും അറിയിച്ചിട്ടുള്ളത്.ടി പദ്ധതിയുടെ നിലവിലെ സ്ഥിതി/പൂർത്തീ കരണ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ജി.ഒ(പി) നം.95/2017/ഫിൻ തീ.25.7.2017പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് അനുവദനീയമായ സർവ്വീസ് ചാർജ്ജ് (Estimate Below 1 Crore) 8%ആണ്.ടി പദ്ധതിയ്ക്കു 10%സർവ്വീസ് ചാർജ്ജ് അനുവദിച്ചു കാണുന്നു. കാരണം വ്യക്തമാക്കേ ണ്ടതാണ്. |
| 5 | 4/21-പുത്തൻപീടിക ആയുർവ്വേദ ആശുപത്രിയിലേക്ക് വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ-പഞ്ചായത്തിന് വിഹിതം കൈമാറൽ | 50000/- | 22000376/ 2.10.2020 | അന്തിക്കാട് ഗ്രാമ പഞ്ചായത്ത് | സാംഖ്യ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| 6 | 7/21-കാൻ തൃശ്ശൂർ -ക്യാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം -ജില്ല പഞ്ചായത്തിന് വിഹിതം കൈമാറൽ | 100000/-- | 22000386/ 6.11.2020 | ജില്ല പഞ്ചായത്ത്, തൃശ്ശൂർ | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| 7 | 112/21-അരിമ്പൂർ ഗ്രാമ പഞ്ചായത്തിലെ വെൺകിളിപ്പാടത്തു നിന്നും കിഴക്കുംപുറം കാനയിലേക്ക് കാന നിർമ്മാണം -പഞ്ചായത്തിന് വിഹിതം കൈമാറൽ | 800000/- | 22000773/ 26.3.2020 | അരിമ്പൂർ ഗ്രാമ പഞ്ചായത്ത് | പഞ്ചായത്ത്നൽകിയ വിനിയോഗസാക്ഷ്യപത്രം (Sc1-184/21/20.09.2021) ടി പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത് 775372/- രൂപയാണ്. 24268/-രൂപ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. ടി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കിവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. |
| 8 | 52/21-ശുചിത്വ കേരളം ചാഴൂർ ഗ്രാമ പഞ്ചായത്ത്-യുവതാര കോവിലകം റോഡ് കാന നിർമ്മാണം | 1000000/- | 22000383/ 30.10.2020 | ചാഴൂർ ഗ്രാമ പഞ്ചായത്ത് | സാംഖ്യ കൈപ്പറ്റ് രസീത്, വിനിയോഗപൂർത്തീകരണ സാക്ഷ്യപത്രം |
| 9 | 86/21-താന്ന്യംഗ്രാമ പഞ്ചായത്ത്- ലിറ്റിൽ ഫ്ലവർ അംഗനവാടി -ചുറ്റുമതിൽ,ട്രസ്സ് എന്നിവയുടെ നിർമ്മാണം -പഞ്ചായത്തിന് വിഹിതം | 350000/- | 22000312/ 12.4.20 | താന്ന്യംഗ്രാമ പഞ്ചായത്ത്- | സാംഖ്യ കൈപ്പറ്റ് രസീത്, വിനിയോഗപൂർത്തീകരണ സാക്ഷ്യപത്രം |
| 10 | 31/21-അരിമ്പൂർ ഗ്രാമപഞ്ചായത്ത് 2-ാം വാർഡ്-ദേവകി റോഡ് എസ്സ്.സി സങ്കേതത്തിലെ വീടുകളിലേക്ക് വാട്ടർ കണക്ഷൻ | 1000000/- | 22000629/ 20.1.2020 | കേരള വാട്ടർ അതോറിറ്റി | കേരള വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ,വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം |
| 11 | 81/21-കണ്ടനി-കുളപ്പാടം ഫാം റോഡ് നിർമ്മാണം-പഞ്ചായത്ത് വിഹിതം കൈമാറൽ | 200000/- | 22000196/ 11.4.2020 | താന്ന്യം ഗ്രാമപഞ്ചായത്ത് | സാംഖ്യ കൈപ്പറ്റ് രസീത്, വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം |
| 12 | 90/21- അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിൽ ആർ ഒ പ്ലാന്റ് സ്ഥാപിക്കലും താന്ന്യം അന്തിക്കാട് ഗ്രാമ പഞ്ചായത്തുകളിൽ കാനനിർമ്മാണത്തിനും നീർച്ചാലുകൾ പൊതുകിണർ വൃത്തിയാക്കലിനു തുക | 300000/- 320000/- | 22000319/ 11.4.2020 22000320/ 11.4.2020 | താന്ന്യം ഗ്രാമ പഞ്ചായത്ത് അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിൽ ആർ ഒ പ്ലാന്റ് സ്ഥാപിക്കലും | താന്ന്യം ഗ്രാമ പഞ്ചായത്തിലെ ലക്ഷം വീട് കോളനി നടപ്പാത കാന നിർമ്മാണത്തിന് നൽകിയത്. സാംഖ്യ കൈപ്പറ്റ് രസീത്, |

| | | | | | |
|---|---|---|---|---|---|
| | കൈമാറൽ | | | | വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം<br>ടി പദ്ധതി പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ടോ? ആയത് പഞ്ചായത്തിന്റെ ആസ്തി<br>ആക്കി മാറ്റിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്<br>(251200801-Drinking Water -General എന്ന ചെലവ് ഹെഡ്ഡിലാണ് ടി തുക ബുക്ക് ചെയ്തിരിക്കുന്നത്. അനുയോജ്യമായ ആസ്തി ഹെഡ്ഡിലേക്ക് മാറ്റേണ്ടതാണ്)<br>സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം (വാറന്റി വിവരങ്ങൾഉൾപ്പെടുത്തി) |
| 13 | 111/21-അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ വി.ഇ.ഒ മാർക്ക് ലാപ്ടോപ്പ് | 150000/- | 22000407/ 17.11.2020 | കേരള ഐ.ടി മിഷന് പ്രഫോർമ ഇൻവോയിസ് നം. | 150000/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴി ച്ചതായി കാണിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ലാപ്ടോപ്പ് ലഭിച്ച തിന്റേയും വിതരണം നടത്തിയതിന്റേയും വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല. |
| | ആകെ | 5917652/- | | | |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽപ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ലെഡ് ലൈനിങ്ങ് പ്രവൃത്തി-പൂർത്തീകരണ വിവരം ,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രോജക്റ്റ് നമ്പർ-72/20-21, 85/2020-21

പ്രോജക്റ്റ് നമ്പർ-72/20-21 പ്രകാരം മാമോഗ്രാം യൂണിറ്റിലെ മാമോഗ്രാം മെഷീൻ സ്ഥാപിക്കുന്ന റൂമിന്റെ വാതിൽ X-ray Chest Stand എന്നിവ ലെഡ് ലൈനിങ്ങ് ചെയ്യുന്നതിന് 77394 രൂപയും (വൗച്ചർ നം 22000302/20.5.20, ഇൻ.നം.192/7.3.20) പ്രോജക്റ്റ് നമ്പർ-85/20-21ൽ എക്സ്റേ & മാമോഗ്രാം യൂണിറ്റിലെ എക്സ്റേ സ്ഥാപിക്കുന്ന മുറിയുടെ

വാതിൽ ലെഡ് ലൈനിങ്ങ് ചെയ്യുന്നതിന് 98992 രൂപയും (വൗച്ചർ നം 22000313/12.4.20, ഇൻ.നം.189/27.2.20) ഹോസ്പിറ മെഡിക്കൽ സിസ്റ്റം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഈ സ്ഥാപനവുമായി കരാർ ഏർപ്പെടാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്.

മേൽ രണ്ടു പ്രവൃത്തികളുടെയും പൂർത്തീകരണ വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് ഹാജരാക്കുന്നതുവരെ 176386 (77394+ 98992) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-26 മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രോജക്ട് നമ്പർ-124/2020-21

പെരിങ്ങോട്ടുകര ഡയാലിസിസ് സെന്ററിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങി നൽകൽ പദ്ധതിയിൽ ബിൽ നം 44/24.2.21പ്രകാരം 643786 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. (Invoice.no.PRF3189/30.10.20).

ഈ തുകയിൽ 638647 രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 5139 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 നെൽവിത്തിന് സബ്സിഡി - വിനിയോഗിക്കാതെ ബാക്കി വന്ന തുക തിരിച്ചടക്കേണ്ടതാണ്

നെൽവിത്ത് സബ്സിഡി

പദ്ധതി നം 13/21

അടങ്കൽ 1000000

ചെലവ് 1000000

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി അസി.ഡയറക്ടർ

ബിൽ നം 13/19.1.2.2021/120000

ബിൽ നം 14/27.1.2021/480000

ബിൽ നം 15/27.1.2021/400000

2020-21 സാമ്പത്തിക വർഷത്തിൽ നെൽവിത്ത് സബ്സിഡി നല്കുന്ന പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി അന്തിക്കാട് , ചാഴൂർ, താന്ന്യം എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കിയിട്ടുണ്ട്.

| ക്രമ നം | ഗ്രാമപഞ്ചായത്ത് | തുക | ബിൽ നം. |
|---|---|---|---|
| 1 | താന്ന്യം | 120000 | 13/19.1.2.2021 |
| 2 | അന്തിക്കാട് | 480000 | 14/27.1.2021 |
| 3 | ചാഴൂർ | 400000 | 15/27.1.2021 |

മേൽ പ്രകാരം നല്കിയ തുകകൾക്ക് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട് . എന്നാൽ താന്ന്യം ഗ്രാമപഞ്ചായത്ത് കൈപറ്റിയ 120000 രൂപയിൽ 104580 രൂപ വിനിയോഗിച്ചതായിട്ടാണ് അറിയിച്ചിട്ടുള്ളത്. ബാക്കി തുക 15420 രൂപ സഞ്ചിത നിധിയിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാണ്.

## 1-28 ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് | ചെലവഴിച്ച തുക |
|---|---|
| 11/21-പി.എം.എ.വൈ ലൈഫ് -ജനറൽ | 2355895 |
| 17/21-പി.എം.എ.വൈ ലൈഫ് -എസ്സ്.സി | 3146361 |
| 92/21-കലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് -അധിക വിഹിതം നൽകൽ | 50000 |
| ആകെ | 55,52,256 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികളുടെ ചെലവിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നില്ല ആയത് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി 13/08-04-2022 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മറുപടിയിൽ ചുവടെചേർത്തപ്രകാരം പഞ്ചായത്തുകൾക്ക് ലൈഫ് ഭവന പദ്ധതിയ്ക്കു വിഹിതം നൽകിയിട്ടുള്ളതായും , ചില പഞ്ചായത്തുകളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതും ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായി.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് | തുക | ഓഡിറ്റ് പരാമർശം |
|---|---|---|---|
| പി.എം.എ.വൈ ലൈഫ് -എസ്.സി | അന്തിക്കാട് | 1200000 | 1200000/- /- രൂപയുടെ വിനിയോഗിച്ചതായി സെക്രട്ടറിയുടെ 08/04/2022ലെ Acct-5705/21നമ്പർ കത്തിൽ അറിയിച്ചിട്ടുണ്ടെങ്കിലും തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല |
| | അരിമ്പൂർ | 563961 | വിനിയോഗം വിവരവും കൈപ്പറ്റ് രസീതും ലഭ്യമാക്കിയിട്ടില്ല |
| | ചാഴൂർ | 580000 | 580000/- - *രൂപയുടെ വിനിയോഗംസെക്രട്ടറിയുടെ 12*04/2022ലെ A4-77/22 നമ്പർ കത്തിൽ അറിയിച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല |
| | മണലൂർ | 0 | - |
| | താന്ന്യം | 802400 | 802400/- - *രൂപയുടെ വിനിയോഗം 11*04/2022ലെ *സെക്രട്ടറിയുടെ* A1-33/ 2021നമ്പർ കത്തിൽ അറിയിച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല |
| ആകെ | | 31,46,361 | |

| പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് | തുക | ഓഡിറ്റ് പരാമർശം |
|---|---|---|---|
| പി.എം.എ.വൈ ലൈഫ് -ജനറൽ | അന്തിക്കാട് | 200000 | സെക്രട്ടറിയുടെ 08/04/2022ലെ Acct-5705/21നമ്പർ കത്തിൽ 1200000/- -രൂപ ബ്ലോക്ക് വിഹിതമായി ലഭിച്ചതിൽ 200000/-രൂപ വിനിയോഗിച്ചിട്ടുള്ള എന്ന് അറിയിച്ചിട്ടുള്ളത്.ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റിന് നൽകിയ |

| | | | |
|---|---|---|---|
| | | | മറുപടിയിൽ200000/-രൂപ നൽകിയതായിട്ടാണ് കാണിച്ചിട്ടുള്ളത്. കൈപ്പറ്റ് രസീതും ലഭ്യമാക്കിയിട്ടില്ല. |
| | അരിമ്പൂർ | 700000 | വിനിയോഗം വിവരവും കൈപ്പറ്റ് രസീതും ലഭ്യമാക്കിയിട്ടില്ല |
| | ചാഴൂർ | 835895 | 835895 /- രൂപയുടെ വിനിയോഗം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല |
| | മണലൂർ | 200000 | *12*-04-2022ലെ *സെക്രട്ടറിയുടെ* C1-44/2022നമ്പർ കത്ത് പ്രകാരം 200000/-രൂപ വിനിയോഗിച്ചതായി അറിയിച്ചിട്ടുണ്ട് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല |
| | താന്ന്യം | 420000 | വിനിയോഗം വിവരവും കൈപ്പറ്റ് രസീതും ലഭ്യമാക്കിയിട്ടില്ല |
| ആകെ | | 23,55,895/- | |

മേൽമറുപടിയിൽ നിന്ന് ബ്ലോക്ക് പഞ്ചായത്ത് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ കൃത്യമായ കണക്കുകളോ വിനിയോഗത്തിന്റെ കൃത്യതയോ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.ആയതിനാൽ നൽകിയ തുകയുടെ പഞ്ചായത്തിൽ നിന്നുള്ള രസീതും കൃത്യമായ വിനിയോഗവിവരവും ഓഡിറ്റിന് ലഭ്യമാക്കുവരെ തുക തടസ്സത്തിൽ വയ്ക്കുന്നു.

92/21-കലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് -അധിക വിഹിതം നൽകൽ ഈ പദ്ധതിയുടെ ചെലവ് രേഖകളുംഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.50000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.
ആകെ തടസ്സപ്പെടുത്തുന്ന തുക -55,52,256/-

ഓഡിറ്റ് എൻക്വയറി 13/08-04-2022

## 1-29 മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് KPWD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് | എഗ്രിമെന്റ് വെച്ച തിയതി, | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | വെക്കേണ്ട അവസാന തിയതി | നം. | |
| 1 | പ്രോജക്ട് നമ്പർ -82/21 – അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ വാരിയംപടവ് ചാൽ നിർമ്മാണം രണ്ടാം ഘട്ടം (സ്പിൽ ഓവർ)<br>അടങ്കൽ - 480800<br>കരാർ തുക – 429278<br>TS No.3145/19-20<br>കരാറുകാരൻ – ജോസ് പോൾ<br>എഗ്രിമെന്റ് നം.:05/19-20 /AE/LSGD/AKD Dt.12.11.2019<br>അളവു പുസ്തകം- 61/17-18, 52/19-20<br>ട്രഷറി ബിൽ നമ്പർ 14/20.04.2020 296355/-<br>6/27.03.2021 – 183773/-<br>ചെലവ് തുക – 480128/- | 18.10.2019 | 31.10.2019 | 12.11.2019 | 4293 |

മേൽപറഞ്ഞ അപാകതയ്ക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 4/7.4.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കാരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കാരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി.എഞ്ചിനീയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീ കരി ക്കേണ്ട തിയതി | പൂർത്തീ കരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -96/21- അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ മാങ്ങാട്ടുകര സ്കൂൾ റോഡ് കാന നിർമ്മാണം<br>അടങ്കൽ - 793500<br>കരാർ തുക – 708472<br>TS No.60056/19-20<br>കരാറുകാരൻ – ഹരീഷ് കുമാർ എ<br>എഗ്രിമെന്റ് നം.:06/2019-20 /AE/LSGD/AKD Dt.19.11.2019<br>അളവു പുസ്തകം- 55/19-20<br>ട്രഷറി ബിൽ നമ്പർ 5/27.3.2021 – 523341<br>8/30.3.2021 – 15886/-<br>ചെലവ് തുക – 539227/- (2020-21)<br>2019-20-ലെ ചെലവ് - 467269/- | 19.11.2019 | 18.05.2020<br>(സ.ഉ.(സാധാ)നം.1444/2021 /തസ്വഭവ. തീയതി 31.07.2021 പ്രകാരം കാലാവധി 6 മാസം കൂടി നീട്ടി നൽകാം. എന്നാൽ ഈ കാലാവധിക്കുശേഷവും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. | 10.03.2021 | 21254 |
| | | | | ആകെ | 21254 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/7.4.2022-ന് മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല. കരാറുകാരന്റെ അപേക്ഷ പ്രകാരം പിഴ തുക 1% നിരക്കിൽ ഈടാക്കുന്നതിന് തീരുമാനിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പിഴ ഈടാക്കിയിട്ടില്ല.

| ക്രമ | പ്രവൃത്തിയുടെ | എഗ്രിമെന്റ് | പൂർത്തീ | പൂർത്തീ | ഈടാക്കേണ്ട |
|---|---|---|---|---|---|

| നം. | വിവരം | തീയതി | കരി ക്കേണ്ട തിയതി | കരിച്ച തിയതി | പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -67/21 – ചാഴൂർ ഗ്രാമപഞ്ചായത്തിലെ ചേറ്റകുളം ലക്ഷംവീട് കോളനിയിൽ കുടിവെള്ള സൌകര്യം ഏർപ്പെടുത്തൽ (സ്പിൽ ഓവർ)<br>അടങ്കൽ - 680022<br>കരാർ തുക – 661053<br>TS No.37986/16-17<br>കരാറുകാരൻ - എം വി സിദ്ധൻ<br>എഗ്രിമെന്റ് നം.:13/2016-17 /AE/LSGD/AKD Dt.24.03.2017<br>അളവു പുസ്തകം-<br>ട്രഷറി ബിൽ നമ്പർ 5/20.4.2020 – 242511/-<br>7/20.4.2020 – 319411/-<br>1/11.11.2020 – 99120<br>2/11.11.2020 - 18980<br>ചെലവ് തുക – 680022/- | 24.03.2017 | 23.08.2017 | 09.11.2020 | 6610 (1%) |

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/8.4.2022-ന് മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-32 അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

14.03.2018-ലെ സർക്കാർ ഉത്തരവ് നം.690/18/തസ്വഭവ. പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ എഞ്ചിനീയർമാരുടെ ആവശ്യത്തിന് മാനദണ്ഡങ്ങൾ പാലിച്ച് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. ഇതേ ഉത്തരവിൽ തന്നെ എഞ്ചിനീയർമാർക്ക് വാഹനം ഇല്ലാത്ത നഗരസഭകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും നിലവിലുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് വാഹനം വാങ്ങാവുന്നതാണ് എന്നും പറയുന്നു. ഈ ഉത്തരവ് പ്രകാരം എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കാൻ അനുമതിയുള്ളത് ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്വന്തമായി വാഹനം വാങ്ങുന്നതിനാണ് അനുമതിയുള്ളത്. മേൽ ഉത്തരവിലെ നിർദ്ദേശത്തിനു വിരുദ്ധമായി നഗരസഭയിലെ എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ ആവശ്യത്തിലേക്കായി ക്വട്ടേഷൻ പ്രകാരം സനീഷ് എ ഡി എന്നയാളുടെ വാഹനം വാടകയ്ക്ക് എടുത്തതിന് 2020-21സാമ്പത്തിക വർഷത്തിൽ താഴെ പറയും പ്രകാരം തുക

ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ - 113/21

അടങ്കൽ - 100000

ചെലവ് - 31714

| മാസം | ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| 2/2021 | 3/12.03.2021 | 7714 |
| 3/2021 | 4/30.03.2021 | 24000 |
| | ആകെ | 31714 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/8.4.2022 -ന് മറുപടിയായി മേൽ പറഞ്ഞ അപാകതക്ക് സർക്കാർ അനുമതിയും സർക്കാർ സാധൂകരണവും ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 31714 രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - ആവശ്യകത പരിഗണിക്കാതെ കരാർ പുതുക്കി നൽകി

എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ ആവശ്യത്തിലേക്കായി ക്വട്ടേഷൻ പ്രകാരം സനീഷ് എ ഡി എന്നയാളുടെ KL-49 E 3254എന്ന രജിസ്ട്രേഷൻ നമ്പറിലുള്ള വാഹനം വാടകയ്ക്ക് എടുത്തതിന് ഒരു മാസത്തേക്ക് 24000 രൂപ നിരക്കിൽ ആകെ 5 മാസത്തേക്ക് 120000 രൂപ 2019-20 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുംപ്രകാരം ഒരു മാസം ശരാശരി 950 കി.മീറ്ററാണ് വാഹനം ഓടിയിട്ടുള്ളത്.

| മാസം | ഓടിയ ദൂരം (കി.മീറ്റർ) |
|---|---|
| 11/2019 | 966 |
| 12/2019 | 773 |
| 1/2020 | 920 |
| 2/2020 | 1163 |
| 3/2020 | 925 |
| ശരാശരി | 4747 / 5 = 950 |

വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള ക്വട്ടേഷൻ നോട്ടീസിൽ ശരാശരി ഒരു മാസം 1500കി.മീറ്റർ ഓടുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചിരുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ ഒരു മാസം പോലും 1500 കി.മീ. വാഹനം ഓടിയിട്ടില്ല. അതായത് 1500 കി.മീറ്ററിന് 24000 രൂപ വാടകയാണെങ്കിൽ 1000 കി.മീറ്ററിന് 16000 രൂപയാണ് വാടക വരാവുന്നത്. 2020-21, 2021-22 വർഷങ്ങളിൽ ടിയാന് തന്നെ കരാർ പുതുക്കി നൽകിയിട്ടുണ്ട്. 2020-21-ൽ ഇതേ വാടകനിരക്കിലും 2021-22 വർഷത്തിൽ പ്രതിമാസം 30000 രൂപ നിരക്കിലുമാണ് കരാർ നൽകിയിട്ടുള്ളത്. കരാർ പുതുക്കി നൽകുന്ന വേളയിൽ 2019-20 വർഷത്തിൽ വാഹനം ഓടിയ ശരാശരി ദൂരം കണക്കിലെടുത്ത് ശരാശരി ഓടുന്ന ദൂരം 1500 കി.മീറ്റർ എന്നതിന് പകരം 1000 കി.മീറ്റർ എന്ന് ക്വട്ടേഷൻ നോട്ടീസിൽ ചേർത്തിരുന്നുവെങ്കിൽ ഇതിനേക്കാൾ മൂന്നിലൊന്ന് കുറഞ്ഞ നിരക്കിൽ വാഹനം ലഭിക്കാനുള്ള സാധ്യതയുണ്ടായിരുന്നു. ഇപ്രകാരം അപാകത സംഭവിച്ചതിന് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 29/12.04.2022 പ്രകാരം ആവശ്യപ്പെട്ടതിന്, ഇനി കരാർ പുതുക്കുമ്പോൾ ഇക്കാര്യങ്ങൾ പരിഗണിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. വാഹനവാടക ഇനത്തിൽ അധികച്ചെലവ് ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് - അപാകതകൾ

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പി ഡബ്ല്യു ഡി-ഉത്തരവ് പ്രകാരം പുതുക്കിയ പി ഡബ്ല്യു ഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പി ഡബ്ല്യു ഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പി ഡബ്ല്യു ഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)

നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പി ഡബ്ല്യു ഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2019-20, 2020-21 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപ് നിലവിലുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

3) പൊതുമരാമത്ത് പണിയുടെ ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17(3) പ്രകാരം, പൊതുമരാമത്ത് പണിയുടെ ഡിസ് പ്ലേ ബോർഡുകൾ പണിസ്ഥലത്ത് പ്രദർശിപ്പിക്കുന്നതിന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

4) ആസ്തിയുടെ യുണീക്ക് നമ്പർ പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നില്ല. അതുകാരണം ആസ്തിയുടെ അസ്ഥിത്വം ഉറപ്പിക്കാനാവുന്നില്ല.
5) 5) സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസിൽ നോട്ടീസ് കൈപ്പറ്റി 21 ദിവസത്തിനകം കരാർ വയ്ക്കുവാനാണ് ആവശ്യപ്പെട്ടുവരുന്നത്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 10/8.4.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി അടുത്ത വർഷം മുതൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് KPWD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിന ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -82/21 – അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ വാരിയംപടവ് ചാൽ നിർമ്മാണം രണ്ടാം ഘട്ടം (സ്പിൽ ഓവർ)<br>അടങ്കൽ - 480800<br>കരാർ തുക – 429278<br>TS No.3145/19-20<br>കരാറുകാരൻ - ജോസ് പോൾ<br>എഗ്രിമെന്റ് നം.:05/19-20 /AE/LSGD/AKD Dt.12.11.2019<br>അളവു പുസ്തകം- 61/17-18, 52/19-20<br>ട്രഷറി ബിൽ നമ്പർ 14/20.04.2020 296355/-<br>6/27.03.2021 - 183773/-<br>ചെലവ് തുക – 480128/- | 18.10.2019 | 31.10.2019 | 12.11.2019 | 4293 |

മേൽപറഞ്ഞ അപാകതയ്ക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 4/7.4.2022 പ്രകാരം ആവശ്യപ്പെട്ടതിന്

മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി.എഞ്ചിനീയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -96/21- <br> അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ മാങ്ങാട്ടുകര സ്കൂൾ റോഡ് കാന നിർമ്മാണം <br> അടങ്കൽ - 793500 <br> കരാർ തുക – 708472 <br> TS No.60056/19-20 <br> കരാറുകാരൻ – ഹരീഷ് കുമാർ എ <br> എഗ്രിമെന്റ് നം.:06/2019-20 /AE/LSGD/AKD Dt.19.11.2019 <br> അളവു പുസ്തകം- 55/19-20 <br> ട്രഷറി ബിൽ നമ്പർ 5/27.3.2021 – 523341 <br> 8/30.3.2021 – 15886/- <br> ചെലവ് തുക – 539227/- (2020-21) <br> 2019-20-ലെ ചെലവ് - 467269/- | 19.11.2019 | 18.05.2020 <br> (സ.ഉ.(സാധാ)നം.1444/2021 /തസ്വഭവ. തീയതി 31.07.2021 പ്രകാരം കാലാവധി 6 മാസം കൂടി നീട്ടി നൽകാം. എന്നാൽ ഈ കാലാവധിക്കുശേഷവും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. | 10.03.2021 | 21254 |
| | | | | ആകെ | 21254 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/7.4.2022-ന് മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വൈകിയതിന് KPWD മന്വൽ വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല. കരാറുകാരന്റെ അപേക്ഷ പ്രകാരം പിഴ തുക 1% നിരക്കിൽ ഈടാക്കുന്നതിന് തീരുമാനിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ -67/21 – ചാഴൂർ ഗ്രാമപഞ്ചായത്തിലെ ചേറ്റുകുളം ലക്ഷംവീട് കോളനിയിൽ കുടിവെള്ള സൌകര്യം ഏർപ്പെടുത്തൽ (സ്പിൽ ഓവർ)<br>അടങ്കൽ - 680022<br>കരാർ തുക – 661053<br>TS No.37986/16-17<br>കരാറുകാരൻ - എം വി സിദ്ധൻ<br>എഗ്രിമെന്റ് നം.:13/2016-17 /AE/LSGD/AKD Dt.24.03.2017<br>അളവു പുസ്തകം-<br>ട്രഷറി ബിൽ നമ്പർ 5/20.4.2020 – 242511/-<br>7/20.4.2020 – 319411/-<br>1/11.11.2020 – 99120 | 24.03.2017 | 23.08.2017 | 09.11.2020 | 6610 (1%) |

| | | | | | |
|---|---|---|---|---|---|
| | 2/11.11.2020 - 18980<br>ചെലവ് തുക – 680022/- | | | | |

കരാറുകാരന്റെ അപേക്ഷയെ തുടർന്ന് പിഴ 1% ആയി കുറച്ച് നൽകിയെങ്കിലും ഫൈനൽ ബില്ലിൽ നിന്നും 1% തുകയും ഈടാക്കിയിട്ടില്ല.
മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/8.4.2022-ന് മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അന്തിക്കാട് ഗ്രാമപഞ്ചായത്ത് | 613924 | - | 613924 | | 613924 |
| മണലൂർ ഗ്രാമപഞ്ചായത്ത് | 584629 | | 584629 | | 584629 |
| ചാഴൂർ ഗ്രാമപഞ്ചായത്ത് | 137300 | | 137300 | | 137300 |
| അരിമ്പൂർ ഗ്രാമപഞ്ചായത്ത് | 39750 | | 39750 | | 39750 |
| താന്ന്യം ഗ്രാമപഞ്ചായത്ത് | 134975 | | 134975 | | 134975 |
| ആകെ | | | | | 1431078 |

തൻവർഷം ഈയിനത്തിൽ 660000രൂപ വരവും 1316833 രൂപ ചെലവുമുണ്ട്. ബാലൻസ് തുക 774245 തൻ വർഷത്തെ വരവിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | - | 2043156 | - |
| വാർഷിക കണക്ക് പ്രകാരം | 2043156 | 584000 | 1459156 |

സംയുക്ത പ്രൊജക്ടുകൾ സംബന്ധിച്ച രജിസ്റ്ററുകൾ ശരിയായി എഴുതി സൂക്ഷിക്കാത്തതിനാൽ മേൽപറഞ്ഞ കണക്കുകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പ്രോജക്ട് നമ്പർ 31 – അരിമ്പൂർ ഗ്രാമ പഞ്ചായത്ത് ദേവകി റോഡ് എസ് സി സങ്കേതം കുടിവെള്ള കണക്ഷൻ | 22000629 | 1000000 | -- | 1000000 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ചാഴൂർ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് | | 250000 | -- | 250000 |
| കേരള ഗ്രൌണ്ട് വാട്ടർ അതോറിറ്റി | പ്രൊജക്ട് നമ്പർ 104 – വൃദ്ധ സദനത്തിലും വെറ്ററിനറി പോളി ക്ലിനിക്കിലും കുഴൽ കിണർ നിർമ്മാണം | 22000799 | 135000 | -- | 135000 |
| അനർട്ട് | പ്രോജക്ട് നമ്പർ 33, തൃപ്രയാർ, അന്തിക്കാട്, ആലപ്പാട് സി എച്ച് സി -കളിൽ സോളാർ പാനൽ | 22000413 | 720500 | -- | 720500 |

വാർഷിക കണക്കുകളുടെ B-18 പട്ടിക പ്രകാരം ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്കും നൽകിയതിൽ ചെലവഴിക്കാൻ ബാക്കിയുള്ളത് 850000/-രൂപയാണ്. 715000/-രൂപ വ്യത്യാസം (850000 – 135000) വന്നിട്ടുള്ളതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല

## 4-6 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ലഭ്യമല്ല

## 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 57257125 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58394229 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 32157 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15283348 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-1 | | 4293 | ശ്രീമതി നിഷി പി ദേവദാസ്, അസി.എഞ്ചിനീയർ |
| 3-2 | | 21254 | ശ്രീമതി നിഷി പി ദേവദാസ്, അസി.എഞ്ചിനീയർ |
| 3-3 | | 6610 | ശ്രീമതി ഗ്രേസി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | ആകെ | 32157 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16-1 | 300000 | ശ്രീ രഘുനാഥൻ, വ്യവസായ വികസന ഓഫീസർ |
| 1-16-2 | 300000 | ശ്രീ രഘുനാഥൻ, വ്യവസായ വികസന ഓഫീസർ |
| 1-17 | 500000 | ശ്രീമതി ശ്രീജ വി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-20 | 100000 | ശ്രീമതി ആനി എം ഒ, പട്ടികജാതി വികസന ഓഫീസർ |
| 1-21 | 2305340 | ഡോ.റോഷ് എം വി, മെഡിക്കൽ ഓഫീസർ, സി എച്ച്സി |
| 1-23 | 100000 | ഡോ.റോഷ് എം വി, മെഡിക്കൽ ഓഫീസർ, സി എച്ച്സി |
| 1-24 | 5917652 | ശ്രീമതി ജോളി വിജയൻ, സെക്രട്ടറി |
| 1-25 | 176386 | ഡോ.റോഷ് എം വി, മെഡിക്കൽ ഓഫീസർ, സി എച്ച്സി |
| 1-28 | 5552256 | ശ്രീമതി ജോളി വിജയൻ, സെക്രട്ടറി |
| 1-32 | 31714 | ശ്രീമതി ഗ്രേസി, അസി.എക്സി.എഞ്ചിനീയർ |
| ആകെ | 15283348 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി നിഷി പി ദേവദാസ്, അസി.എഞ്ചിനീയർ, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് | ഇന്ദീവരം, പാട്ടൂർ വീട്, ഇരിങ്ങപ്പുറം, ഗുരുവായൂർ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി ഗ്രേസി, അസി.എക്സി.എഞ്ചിനീയർ, പെരുമ്പാവൂർ നഗരസഭ | പയ്യപ്പിള്ളി വീട്, Near CKM, എറണാകുളം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.ടി.15-1468/98/10.5.99 | |
| 1998-99 ചെലവ് | എൽ.എഫ്.ടി.15-1775/06/5.3.07 | |
| 1998-99 വരവ് | എൽ.എഫ്.ടി.21-69/08/13.4.09 | |
| 1999-2000 | എൽ.എഫ്.ടി.21-70/08/13.4.09 | |
| 2000-01 | എൽ.എഫ്.ടി.21-71/08/13.4.09 | |
| 2001-02 | എൽ.എഫ്.ടി.21-72/08/13.4.09 | |
| 2002-03 | എൽ.എഫ്.ടി.21-73/08/13.4.09 | |
| 2003-04 | എൽ.എഫ്.ടി.21-75/08/13.4.09 | |
| 2004-05 | എൽ.എഫ്.ടി.(ബി.പി)385/11/ 17.9.11 | |
| 2005-06 | എൽ.എഫ്.ടി.(ബി.പി)386/11/ 17.9.11 | |
| 2006-07 | എൽ.എഫ്.ടി.(ബി.പി)387/11/ 17.9.11 | |
| 2007-08 | എൽ.എഫ്.ടി.(ബി.പി)388/11/ 17.9.11/15.10.13 | |
| 2008-09 To10-11 | എൽ.എഫ്.ടി.(ബി.പി)1475/12/ 15.2.13/26.03.13 | |
| 2011-12 | എൽ.എഫ്.ടി.(ബി.പി)229/13/ 15.4.13/3.8.13 | |
| 2012-13 | എൽ.എഫ്.ടി.(ബി.പി)1276/2014/ 10.10.14/12.11.14 | |
| 2013-14 | കെ എസ് എ ടി എസ് ആർ(ബിപി2)1683/2015 തീയതി 5.12.2015/7.1.2016 | |
| 2014-15,2015-16 | കെ എസ് എ ടി എസ് ആർ(ബിപി)772/17 തീയതി 27.5.2017 | |
| 2016-17 | കെ എസ് എ ടി എസ് ആർ(ബിപി1)1001/17 തീയതി 09.08.2017 | |
| 2017-18 | കെ എസ് എ ടി എസ് ആർ(ബിപി1)127/19 തീയതി 04.04.2019 | |
| 2018-19 | കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.2)1029/2019 തീയതി :20.08.2019 | |
| 2019-20 | കെ.എസ്.എ.ടി.എസ് ആർ | |

| | | | |
|---|---|---|---|
| | (പി2)545/2022<br>തീയതി : 23.06.2022 | | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്